## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 861 04/03/2020-ലെ മറുപടി**

## ഗ്രാമീണമേഖലയിലെ ഭവനങ്ങളിൽ ശുദ്ധജലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനിൽ അക്കര | | ശ്രീ. കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | നിലവിൽ ഗ്രാമീണമേഖലയിലെ എത്ര ശതമാനം വീടുകളിലാണ് പൈപ്പ് വഴി ശുദ്ധജലം വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ ഗ്രാമീണമേഖലയിൽ കേരള ജല അതോറിറ്റി മുഖേന ഏകദേശം 22 ശതമാനം വീടുകളിൽ പൈപ്പ് വഴി ശുദ്ധ ജലവിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമേ ജലനിധി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ മുഖാന്തിരം നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ കൂടി കണക്കിലെടുത്ത് സംസ്ഥാനത്ത് ഗ്രാമീണമേഖലയിൽ 33 ശതമാനത്തോളം വീടുകളിൽ പൈപ്പ് വഴി ശുദ്ധ ജലം വിതരണം ചെയ്യുന്നുണ്ട്. |
| ബി) | എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിന് കേന്ദ്ര സഹായത്തോടെ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; | ബി) | 2024-ഓടുകൂടി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ ജൽ ജീവൻ മിഷൻ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു. |
| സി) | പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥ പ്രകാരം സംസ്ഥാന സർക്കാർ മുടക്കുന്ന തുകയ്ക്ക് തുല്യമായ തുക കേന്ദ്രം അനുവദിക്കണമെന്നുണ്ടോ; | സി) | ഇല്ല. കേന്ദ്ര സർക്കാരിന്റെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരമുള്ള കേന്ദ്ര വിഹിതം മാത്രമേ ലഭിക്കുകയുള്ളൂ. ബാക്കി തുക |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാർ മുടക്കേണ്ടതാണ്. |
| ഡി) | സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം സംസ്ഥാന വിഹിതമായ തുക നൽകുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | ഡി) | ഇല്ല. |
| ഇ) | കഴിഞ്ഞ വർഷം അനുവദിച്ച 170 കോടി രൂപയുടെ കേന്ദ്രാവിഷ്കൃത ദേശീയ ഗ്രാമീണ ജലവിതരണ പദ്ധതി (എൻ.ആർ.ഡി.ഡബ്ല്യൂ.പി.)യിൽ നിലവിൽ എത്ര തുകയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്; പ്രസ്തുത കുടിശ്ശിക നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഇ) | 2018-19 ലും, 2019-20-ൽ ലഭിച്ച കേന്ദ്ര സംസ്ഥാന വിഹിതമായി ലഭിച്ച തുകകൊണ്ട് ബില്ല് കുടിശ്ശിക തീർത്തതിനു ശേഷം നിലവിൽ എൻ.ആർ.ഡി. ഡബ്ള്യൂ.പി. സ്കീമിൽ 35.82 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്. 2019-20 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ അനുവദിച്ച ഒന്നാം ഗഡു തുക സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്ത് ആകെ തുകയുടെ 60% ചെലവഴിച്ച് സാക്ഷ്യപത്രം കേന്ദ്രസർക്കാരിൽ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിൽനിന്നും രണ്ടാം ഗഡു അനുവദിക്കുന്ന മുറയ്ക്ക് ബാക്കി കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുവാൻ കഴിയുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ